ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.10.2024**

## പ്രധാനവാർത്തകൾ

1) തൃശ്ശൂർപൂരം സംബന്ധിച്ച വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ചക്കെടുത്തു.

2) ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നിന്നും വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചതിൽ അധികം പേജുകൾ സർക്കാർ ഒഴിവാക്കിയെന്ന ആരോപണം നിഷേധിച്ച് മന്ത്രി സജി ചെറിയാൻ.

3) സംസ്ഥാനത്തെ മുൻഗണന റേഷൻ കാർഡുകളുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഈ മാസം 25 വരെ നീട്ടി.

4) തുടർച്ചയായ പത്താം തവണയും റിപ്പോ നിരക്ക് 6.50 ശതമാനത്തിൽ മാറ്റമില്ലാതെ നിലനിർത്തി റിസർവ് ബാങ്ക് .

5) മലയാള ചലച്ചിത്ര നടൻ ടി പി മാധവൻ അന്തരിച്ചു; സംസ്കാരം നാളെ.

6) വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - ശ്രീലങ്ക പോരാട്ടം.

*****************

RNU TVPM

## രാഷ്ട്രപതി

ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ എട്ടാമത് സ്ഥാപകദിന ആഘോഷപരിപാടിയെ രാഷ്ട്രപതി ദ്രൗപദി മുർമ്മു അഭിസംബോധന ചെയ്യു. കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ചടങ്ങിൽ സന്നിഹിതനായി.

******************

## പ്രധാനമന്ത്രി-ആസിയാൻ

21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും. ഇന്ത്യ ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും.

******************

RNU TVPM

## പ്രധാനമന്ത്രി-മഹാരാഷ്ട്ര

മഹാരാഷ്ട്രയിൽ 7600 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ തുടക്കം കുറിക്കും. നാഗ്പൂരിലെ ഡോ. ബാബാസാഹേബ് അംബേദ്കർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നവീകരണത്തിന് പ്രധാനമന്ത്രി സമാരംഭം കുറിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽസ് മുംബൈയും വിദ്യാ സമീക്ഷ കേന്ദ്രവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

******************

## അടിയന്തര പ്രമേയം- തൃശ്ശൂർപൂരം

തൃശ്ശൂർപൂരം സംബന്ധിച്ച വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ഇപ്പോൾ ചർച്ച ചെയ്യുന്നു. പ്രതിപക്ഷത്തു നിന്നും തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്.

പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ഉദ്ദേശങ്ങളും, പുകമറ സൃഷ്ടിക്കാനുള്ള ശ്രമങ്ങളും തുറന്നുകാട്ടുന്നതിനാണ് വിഷയം ചർച്ച ചെയ്യുന്നതെന്ന്, നേരത്തെ മന്ത്രി എം ബി രാജേഷ് വ്യക്തമാക്കിയിരുന്നു.

******************

**<u>സജി ചെറിയാൻ</u>**

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നിന്നും വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചതിൽ അധികം പേജുകൾ സർക്കാർ ഒഴിവാക്കിയെന്ന ആരോപണം നിഷേധിച്ച് മന്ത്രി സജി ചെറിയാൻ. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന ഭാഗങ്ങൾ പുറത്ത് വിടരുതെന്ന കമ്മീഷന്റെ നിർദ്ദേശം പാലിക്കുക മാത്രമാണ് സർക്കാർ ചെയ്തതെന്ന് മന്ത്രി നിയമസഭയിൽ വ്യക്തമാക്കി. സിനിമ മേഖലയിലെ എല്ലാ പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്ന വിധത്തിലാവും സമഗ്ര സിനിമ നയം കൊണ്ടുവരികയെന്ന് അദ്ദേഹം പറഞ്ഞു.

RNU TVPM

******************

**<u>നിയമസഭ റോഷി അഗസ്റ്റിൻ (ഇൻട്രോ)</u>**

എറണാകുളം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജില്ലയെ ADB പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. പ്രതി ദിനം 190 മെഗാ ലിറ്റർ വെള്ളം ലഭ്യമാക്കുന്ന പ്ലാന്റ് ഇതിന്റെ ഭാഗമായി സജ്ജീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

(വോയിസ്)

അഞ്ചുദിവസത്തോളം തിരുവനന്തപുരം നഗരത്തിൽ ജലവിതരണം മുടങ്ങിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയതായി മന്ത്രി പറഞ്ഞു. ടൂറിസം സാധ്യതകൾക്കായി ജല അതോറിറ്റിയുടെ അതിഥി മന്ദിരങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

******************

## റേഷൻ മസ്റ്ററിംഗ് ശ്രദ്ധ ക്ഷണിക്കൽ

സംസ്ഥാനത്തെ മുൻഗണന റേഷൻ കാർഡുകളുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഈ മാസം 25 വരെ ദീർഘിപ്പിച്ചതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. സമയപരിധി രണ്ട് മാസം കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് നൽകുമെന്നും മന്ത്രി നിയമസഭയിൽ വ്യക്തമാക്കി. ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം മുൻഗണനാ വിഭാഗത്തിൽപ്പെട്ട 20 ശതമാനം പേർ കൂടി മസ്റ്ററിങ് പൂർത്തിയാക്കാൻ ബാക്കിയുണ്ട്.

******************

## നിയമസഭ ആർ കേളു (ഇൻട്രോ)

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമി നൽകുന്നതിനായി ആരംഭിച്ച ലാൻഡ് ബാങ്ക് പദ്ധതി തുടർന്ന് വരികയാണെന്നും ഇത് വഴി നിരവധി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും മന്ത്രി ഒ.ആർ കേളു. നിയമസഭയിലെ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

******************

## നിയമസഭ-ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നടപടിയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന സർക്കാർ പ്രമേയം നിയമസഭ ഇന്ന് പരിഗണിച്ചില്ല. കാര്യവിവര പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, കക്ഷി നേതാക്കളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം പരിഗണിക്കുന്നത് മറ്റൊരു അവസരത്തിലേക്ക് മാറ്റിയതായി ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അറിയിച്ചു.

******************

## പണ നയ യോഗം

തുടർച്ചയായ പത്താം തവണയും റിപ്പോ നിരക്ക് 6.50 ശതമാനത്തിൽ മാറ്റമില്ലാതെ നിലനിർത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ദ്വൈമാസ പണ നയ യോഗത്തിന് ശേഷം RBI ഗവർണർ

PNU TVPM

ശക്തികാന്തദാസ് ആണ് ഇക്കാര്യം അറിയിച്ചത്. 2023 ഫെബ്രുവരി മുതൽ പലിശ നിരക്ക് 6.50 ശതമാനമായി നിലനിർത്തുകയാണ്. 2024-25 സാമ്പത്തിക വർഷത്തിൻ്റെ ആദ്യ പാദത്തിൽ മൊത്ത ആഭ്യന്തര ഉൽപ്പാദനം 6.7 ശതമാനം വളർച്ച രേഖപ്പെടുത്തിയതായും ആർബിഐ വ്യക്തമാക്കി.

******************

## ടി പി മാധവൻ അന്തരിച്ചു

മലയാള ചലച്ചിത്ര നടൻ ടി പി മാധവൻ അന്തരിച്ചു. 88 വയസായിരുന്നു. കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു അന്ത്യം. കഴിഞ്ഞ എട്ട് വർഷമായി പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയാണ് ടി പി മാധവൻ. താരസംഘടനയായ 'അമ്മ'യുടെ ആദ്യ ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. നാളെ രാവിലെ 9 മണി മുതൽ 1 മണി വരെ പത്തനാപുരം ഗാന്ധിഭവനിൽ പൊതുദർശനത്തിനു ശേഷം ഭൗതികദേഹം വൈകിട്ട് തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കരിക്കും. നിര്യാണത്തിൽ മന്ത്രി വി ശിവൻകുട്ടി അനുശോചിച്ചു.

RNU TVPM

******************

## മുഖ്യമന്ത്രി

എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ നാല് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സർവകലാശാലയുടെ പഠനവകുപ്പുകൾ, ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം, സെക്ഷൻ 8 കമ്പനി രൂപീകരണം, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സെന്റർ എന്നിവയാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. മന്ത്രിമാരായ ആർ ബിന്ദു, പി രാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

******************

## ഐസിസി വനിതാ ട്വൻ്റി-20

ഐസിസി വനിതാ ട്വൻ്റി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. രാത്രി 07.30 നാണ് മത്സരം. വൈകിട്ട് 03.30

ന് നടക്കുന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയും സ്കോട് ലൻഡും ഏറ്റുമുട്ടും.

*****************

## വാഗമൺ-ചില്ല് പാലം (ഇൻട്രോ)

ഇടുക്കി വാഗമണ്ണിലെ കോലാഹലമേട്ടിൽ സ്ഥാപിച്ചിട്ടുള്ള ചില്ല് പാലത്തിൻ്റെ പ്രവർത്തനം ഇന്നലെ പുനരാരംഭിച്ചു. ആദ്യദിനം തന്നെ ഗ്ലാസ് ബ്രിഡ്ജ് കാണാൻ സഞ്ചാരികളുടെ വലിയ ഒഴുക്കാണ് ഉണ്ടായത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

*****************

## തിരുവോണം- ബമ്പർ

ഇത്തവണത്തെ തിരുവോണം- ബമ്പർ ലോട്ടറി നറുക്കെടുപ്പ് ഇന്ന് ഉച്ചയ്ക്ക് 1.30 ന് നടക്കും. തിരുവനന്തപുരം ഗോർക്കി ഭവനിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ നറുക്കെടുക്കും. 25 കോടി രൂപയാണ് ഒന്നാം സമ്മാനം. പൂജാ ബമ്പർ ടിക്കറ്റും ചടങ്ങിൽ പുറത്തിറക്കും.

RNU TVPM

*****************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

*****************

## തപാൽ ദിനം

ഇന്ന് ലോക തപാൽ ദിനം. ഒന്നര നൂറ്റാണ്ടായി, ലോകമെമ്പാടുമുള്ള ആളുകൾക്കും സർക്കാരുകൾക്കും വ്യവസായങ്ങൾക്കും തപാൽ സംവിധാനം ഒരു ജീവനാഡിയാണ്. ദൈനംദിന ജീവിതത്തിൽ തപാൽ മേഖലയുടെ പങ്കിനെ കുറിച്ചും ആഗോള- സാമൂഹിക- സാമ്പത്തിക വികസനത്തിനുള്ള സംഭാവനയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ഇന്ത്യയിൽ നാളെ ദേശീയ തപാൽ ദിനമായി ആചരിക്കും.

*****************

*****************

******

RNU TVPM